Draft #1 of File 7870/AD B5/3/2020/AD B 5 Approved by ESTATE OFFICER ADMINISTRATION on 23-Mar-2020 03:04 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 7870/AD B5/3/AD B 5/AD B 5 തീയതി: 23.03.2020

പ്രിയദർശിനി ഹിൽസ്

<u>**സർക്കുലർ**</u>

വിഷയം:- സർവ്വകലാശാലാ ബസുകളിലെ പാസ്സ് കളക്ഷൻ സംബന്ധിച്ച് .

സൂചന :- ബസ് പാസ്സ് കളക്ഷൻ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി 07.03.2020 ന് രാവിലെ 11 മണിക്ക് ബഹു.രജിസ്ട്രാറുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്.

സർവ്വകലാശാലാ ബസുകളിലെ ബസ് പാസ്സ് പരിഷ്കരണത്തിന് ശേഷം പാസ്സ് എടുക്കുന്നവരുടെ എണ്ണം കുറഞ്ഞിരിക്കുന്നു എന്നും പാസ്സ് കളക്ഷൻ കാര്യമായി ലഭിക്കുന്നില്ല എന്നും ഇപ്പോൾ ഉള്ള കണ്ടക്ടർമാർ/പാസ്സ് എക്സാമിനർ എന്നിവരെ ഉപയോഗിച്ച് മുഴുവൻ യാത്രക്കാർക്കും പാസ്സ് നൽകുവാൻ സാധിക്കുകയില്ല എന്നും രജിസ്ട്രാർ യോഗത്തിൽ അറിയിച്ചു. .സംഘടനാപ്രതിനിധികളുമായി നടത്തിയ ആശയവിനിമയത്തിനും ചർച്ചകൾക്കും ശേഷം താഴെ പറയും പ്രകാരം രജിസ്ട്രാർ ഉത്തരവായിരിക്കുന്നു .

1.സർവ്വകലാശാലാ ബസുകളിലെ അധ്യാപക / അനധ്യാപക ജീവനക്കാരുടെ യാത്രക്കായി ബസ് പാസ്സ് നിർബന്ധിതമാക്കുക.
2.രാവിലെ യാത്രക്കാർ ബസിൽനിന്ന് ഇറങ്ങുന്ന മുറയ്ക്കും വൈകുന്നേരം ബസിൽ കയറുന്ന മുറയ്ക്കും കണ്ടക്ടർമാർ/പാസ്സ് എക്സാമിനർ പാസ്സ് പരിശോധിക്കേണ്ടതാണ്.
3.ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ മാത്രം ഒരു ദിവസത്തേക്ക് പാസ്സ് നൽകാവുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങൾ സർവ്വകലാശാലാ ബസുകളിലെ യാത്രക്കാർ പാലിച്ചിരിക്കേണ്ടതാണ്.കൂടാതെ സർവകലാശാലാ ബസുകളിൽ ജീവനക്കാരും വിദ്യാർത്ഥികളുമായി സീറ്റ് സംബന്ധിച്ചോ മറ്റ് തർക്കങ്ങളോ ഒരു കാരണവശാലും ഉണ്ടാകുവാൻ പാടില്ല എന്നും രജിസ്ട്രാർ ഉത്തരവായി .

**വെങ്കിടേശ്വരൻ ആർ**
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2.വൈസ്ചാൻസിലർ/പ്രോ-വൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/പരീക്ഷാകൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പിഎമാർ
4.ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാവിഭാഗം/അക്കാദമിക് വിഭാഗം/ധനകാര്യവിഭാഗം)
5.പബ്ളിക് റിലേഷൻ ഓഫീസർ/സെക്യൂരിറ്റി ഓഫീസർ (തുടർ നടപടികൾക്കായി)

6 .കണ്ടെന്റ് മാനേജ്മെന്റ് സെൽ

7.എസ്റ്റേറ്റ് ഓഫീസർ/എഡ്ബി 3/എഡിബി 7 (തുടർ നടപടികൾക്കായി

8.നോട്ടീസ് ബോർഡ്

Draft #1 of File 7870/AD B5/3/2020/AD B 5 Approved by ESTATE OFFICER ADMINISTRATION on 23-Mar-2020 03:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം